രാമചരിതം: അമ്പത്തൊമ്പതാം പടലം

വ്യാഖ്യാ: ഡോ. ധന്യമോൾ വി

രാമചരിതം: അമ്പത്തൊമ്പതാം പടലം
വ്യാഖ്യാതാവ്: ഡോ. ധന്യമോൾ വി
(മലയാളം: കവിത)

Editorial content © 2023, Dr. Dhanyamol V

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution ShareAlike license for free download and usage.

Bharata Shoots at Hanuman as He Flies Over with the Medicinal Herbs, a painting by Annonymous. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

രാമചരിതം:
അമ്പത്തൊമ്പതാം പടലം

സംഗ്രഹം

മകരാക്ഷവധം അറിഞ്ഞ ഇന്ദ്രജിത്ത് യുദ്ധത്തിനൊരുങ്ങുന്നു. വിവരമറിഞ്ഞ രാവണനും പോരിനു പുറപ്പെടുന്നു. ലങ്കാധിപൻ ഇന്ദ്രജിത്തിനെ അടർക്കളത്തിലേക്ക് അനുഗ്രഹിച്ചയക്കുന്നു. മായാസീതയെ തേരിലേറ്റി വന്ന മേഘനാദൻ ശത്രുക്കളുടെ നേരെ ആയുധങ്ങൾ പ്രയോഗിച്ചു. സീതയെ എങ്ങനെ രക്ഷിക്കുമെന്നു കരുതി ആകുലനായ ഹനുമാൻ ഇന്ദ്രജിത്തിനോട് വാദത്തിലേർപ്പെട്ടു. സീതയെ വധിക്കുന്ന ദൃശ്യംകണ്ട് വാനരപ്പട സ്തംഭിച്ചു. ഹനുമാനെടുത്തെറിഞ്ഞ മല തടുത്ത് ഇന്ദ്രജിത്ത് അവിടെനിന്നു പിന്മാറി.

പാട്ട് 1

മകരനെടുന്തടം കണ്ണന്മന്നർ
　　നായകനത്തിരത്താൽ
മറലിപുരം പുകുന്തതറിന്തയി
　　ന്തിരചിത്തുമുമ്പാൽ
ഇകലിടമെയ്തിയെയ്ത നിരത്തി
　　നാനരിവീരരെക്കൊ-
ൻറിടതുടരപ്പൊടുക്കനവേയി
　　രാവണനേകും മുന്നേ
അകില നിചാചരർക്കരചൻ
　　തന്നോടറിയിത്തനൻ പി-
മ്പടലിൽ മുടിന്തനൻ കരന്മൈ
　　ന്തനെൻറതു കേട്ടു പാരും-
കെകനവുമാഴിയും മലൈയും
　　നടുങ്കുംവണ്ണം നടന്താൻ
കരുതലരോടുപോർക്കെന
　　മൂൻറോടേഴുമുകങ്കളുള്ളോൻ.

മകരാക്ഷൻ രാമന്റെ ബാണത്താൽ കൊല്ലപ്പെട്ടതറിഞ്ഞ ഇന്ദ്രജിത്ത്, രാവണൻ പറയും മുമ്പ്, യുദ്ധക്കളത്തിലെത്തി പെട്ടെന്നു തന്നെ വാനരവീരരെക്കൊന്ന് ഇടതുടരെ നിരത്തി. രാക്ഷസരാജാവായ രാവണനെ പിന്നെ അറിയിക്കുകയും ചെയ്തു. ഖരപുത്രനായ മകരാക്ഷൻ യുദ്ധത്തിൽ മുടിഞ്ഞെന്നു കേട്ട് ഭൂമിയും ആകാശവും സമുദ്രവും മലയും നടുങ്ങുംവിധം ശത്രുക്കളോടു യുദ്ധത്തിനായി രാവണൻ നടന്നു.

കുറിപ്പ്

മകരനെടുന്തടംകണ്ണൻ — മകരാക്ഷൻ
മറലിപുരം — കാലപുരി
കരന്മൈന്തൻ — ഖരപുത്രൻ
ഏകുക — പറയുക
കരുതലർ — ശത്രുക്കൾ

പാട്ട് 2

കളമൊഴിയാളൈ മീൾവതിനായി
　　രാകവന്മാരുമുള്ളിൽ-
ക്കനമുള്ള ചുക്കിരീവനും വാനര
　　പ്പടൈയും വന്താർപോ-
ക്കെർളിയവർ പോലും മീതഴി
　　ന്തില്ല വന്തതിലാരുമിണ്ടോ-
രികലിടയിട്ടുതില്ല നമക്കൊ
　　രുത്തരടൽക്കു പോനോർകൾ
കളവങ്ങൾ മത്തകങ്ങൾ
　　പിളർന്ത കോളരിയെക്കണക്കെ
കരുതലരെപ്പിളർന്തുയി
　　രൈക്കളൈന്തു വിരൈന്തു വെന്റി-
ക്കുളർകൊടിയാക നീ വിരൈ
　　ന്തെന്റിലങ്കമന്നൻ വഴങ്ക
ക്കൊടുമമികുത്തയിന്തിരചിത്തവ
　　ങ്കഴൽ കൈപണിന്താൻ.

“കളമൊഴിയായ സീതയെ വീണ്ടെടുക്കുന്നതിനായി രാഘവന്മാരും ഉള്ളുറപ്പോടെ സുഗ്രീവനും വാനരപ്പടയും വന്നു. വന്നതിൽ എളിയവർ പോലും യുദ്ധത്തിൽ മരിച്ചിട്ടില്ല. അടലിനു പോയ നമ്മളിൽ ഒരാളും ജയിച്ച് തിരിച്ചു വന്നിട്ടില്ല. ആനകളുടെ മസ്തകങ്ങൾ പിളർന്ന സിംഹത്തെപ്പോലെ ശത്രുക്കളെ പിളർന്ന് അവരുടെ ജീവൻ കളഞ്ഞ് വേഗത്തിൽ വിജയപതാകയേന്തുക നീ” എന്ന് ലങ്കാധിപൻ പറഞ്ഞപ്പോൾ കൊടുമയുള്ള ഇന്ദ്രജിത്ത് രാവണന്റെ കാൽക്കൽ നമസ്കരിച്ചു.

കുറിപ്പ്

മീൾവതിനായി — വീണ്ടെടുക്കുന്നതിനായി
വിരൈന്തു — വേഗത്തിൽ

പാട്ട് 3

കഴലിണൈ കൈവണങ്കി
　　യിണങ്കും വമ്പടൈ ചൂഴ മണ്ണും
കെകനവുമാഴിയും മലൈയും
　　നടുങ്കമിടങ്കൊൾതേരിൽ
പൊഴിയും നല്ലായുതാവലിയോടും
　　മൈതിലിയെൻറതോൻറ-
പ്പൊലിയുമമ്മായൈയൊടു
　　മട്ടുത്തവന്തരിവീരർ തമ്മെ
അഴിവു വരുത്തിനാനടൽ
　　തൊട്ടിനോരെയതുവുമല്ല-
മ്പറുപതുമഞ്ചുമൈമ്പതും നൂറും
　　നാട്ടിയോരോർത്തർ മെയ്യിൽ-
ച്ചുഴലവും വീഴ്ത്തിനാനിടവ
　　ന്നളൻ തുഴേണൻ വിവിതൻ
ചുരപതിവൈരി മറ്റുമിവണ്ണമേ
　　നല്ല ചൊല്ലുള്ളോരേ.

രാവണന്റെ കാലിണ വണങ്ങി വൻ പടയെനയിച്ച് ലോകമെല്ലാം നടുങ്ങുമാറ് വലിയ തേരിൽ യുദ്ധസന്നദ്ധനായി, മൈഥിലി എന്നു തോന്നലുണ്ടാക്കുന്ന മായയോടുകൂടി വന്ന് പോരിനുവന്ന വാനരവീരന്മാരെ കൊന്നൊടുക്കി. അൻപതും അറുപതും അഞ്ചും നൂറും അമ്പ് ഓരോരുത്തരുടെ ശരീരത്തിലെയ്ത് നളൻ, ഋഷഭൻ, സുഷേണൻ, ദ്വിവിദൻ എന്നീ പ്രശസ്തരായ വാനരവീരന്മാരെ ഇന്ദ്രജിത്ത് നിലം പതിപ്പിച്ചു.

കുറിപ്പ്

തോൻറപ്പൊലിയും — തോന്നുമാറുവിളങ്ങുന്ന
ഇടവൻ — ഋഷഭൻ

പാട്ട് 4

ഇവണ്ണമിവൻ പൊരുൻറതു കണ്ടു
　　മാമലൈയൊൻറുകൈക്കൊ-
ണ്ടികലിൽചെയ്‌വുതെൻറു ചെൻറ
　　ണൈയിൻറ മാരുതിയുൾനടുങ്ക,-
ത്തവവടിവൊടുടമ്പുമെലിന്തു
　　തുളിയണിന്തു ചാല-
ത്തളർന്തു മകിഴ്‌ന്തൊരുൾപ്പിണി
　　കൊണ്ടു താരണി ചായലാൾതാൻ
അവിരതവും കണ്ണിൽ പുനൽ
　　ചോർന്തു പൂന്തുകിലും നിറംവി-
ട്ടുറ്റതിയില്ലാത ചോകമിയൻറി
　　രാകാവൊയെന്റപ്പോൾ
നിവിര നിരന്തരം ചില
　　ചൊല്ലെഴക്കവിവീരന്നേരെ
നിചിചരർ തേരിൽ മൈഥിലി
　　കൂടവൻറതു കണ്ടു നിൻറാൻ.

ഇന്ദ്രജിത്തിന്റെ പോരു കണ്ട് മലയെറിഞ്ഞ് അയാളെ തകർക്കാനൊങ്ങിയ ഹനുമാൻ കഠിന തപസ്സുകൊണ്ടു മെലിഞ്ഞ്, മുഷിഞ്ഞ രൂപത്തോടെ, കണ്ണീരണിഞ്ഞ്, രാമാ എന്നുച്ചരിച്ചുകൊണ്ട് ഇന്ദ്രജിത്തിന്റെ രഥത്തിൽ നില്ക്കുന്ന മായാസീതയെ കണ്ട് സീത തന്നെയെന്നു കരുതി നടുങ്ങി നിന്നു.

കുറിപ്പ്

തവവടിവ് — തപോരൂപം
തുളി — ധൂളി
മകിഴ്‌ന്തൊരുൾപ്പിണി — മതിമറന്ന ഉൾത്താപം
ചൊല്ലഴ — ചൊല്ലയരുമ്പോൾ

പാട്ട് 5

നിൻറളവേ നിചാചാരവീരൻ
　　വാളുറൈ വാങ്കിയോങ്കാൻ
നിന്നയുടൈവനെൻറുരചെയ്തു
　　പൊയ്തിതു കൈതവത്താൽ
ചെൻറൊളിവാളന്നാരിയുടെ
　　ചിരത്തിൽ നടത്തീതെങ്കും
ചെങ്കുരുതിച്ചെഴം പുനലും
　　പരന്തിതു പാർമേലെങ്കും
ഒൻറിരുനൂറുകോടിയിരാക
　　വോയെനവോതിനാൾ മാ-
ലുള്ളിൽ വിളൈന്തു മാരുതി
　　കണ്ടു യാനകിയെൻറു കൈക്കൊ-
ണ്ടിൻറിവളെ പൊരിൻറതൊഴിപ്പ
　　തെവ്വഴിയെൻറു ചിന്തി-
ത്തിന്തിരചിത്തിനോടരിവീരന്നി
　　ൻറിവണ്ണം മൊഴിന്താൻ.

തിളങ്ങുന്ന വാളെടുത്ത് ഇന്ദ്രജിത്ത് ആ നാരിയുടെ ശിരസ്സിൽ പ്രയോഗിച്ചപ്പോൾ അവിടെ മുഴുവൻ രക്തം പരന്നൊഴുകി. അതീവ ദുഃഖത്തോടെ രാമനെ വിളിച്ചു വിലപിക്കുന്ന മായാ സീതയെ മൈഥിലി ആണെന്നു കരുതി ഇവളെ രക്ഷിക്കാൻ എന്താണു വഴിയെന്നാലോചിച്ച് ഇന്ദ്രജിത്തിനോട് പറഞ്ഞു.

കുറിപ്പ്

ഉടൈവേൻ — പിളർക്കുന്നുണ്ട്
പൊയ്തിതു — പിളർന്നു

പാട്ട് 6

ഇവ ചെയ്‌വതാരരക്കർ കലത്തിനേ
　　കറൈയായുള്ളോവേ,
ഇകലിടനീയൊഴിന്തു തനക്കടു
　　ത്തവരോടും വേറാ-
യിവിടെയോരോ നിചാചരിമാർ
　　നൽകും തുയരങ്കളും പൂ-
ണ്ടെരിമിചൈവെണ്ണനേരുരുകിൻറ
　　യാനകിയെക്കൈവാളാ-
ലവനിയിൽ വീഴ്ത്തുവാൻ ചമയിൻറ
　　നീ മുനിവർക്കു കോനാ-
യരുളും പുലത്തിയൻ കലചാത
　　നായിനതും മറന്താ
ചിവചിവ നൻറരക്കർ കലത്തിൽ
　　വന്തു പിറന്തതൊൻറേ
ചെയലിടയിട്ടു പാർക്കിൽ നിനക്കു
　　തോറ്റങ്കളേവരൊടും.

രക്ഷോകല കളങ്കമായ നീ മാത്രമെ ഇങ്ങനെ ചെയ്യൂ. ബന്ധുക്കളോടു പിരിഞ്ഞു രാക്ഷസികളുടെ പീഡനമേറ്റ്, തീയിൽ വീണ വെണ്ണപോലെ ഉരുകുന്ന ജാനകിയുടെ നേരെ കൈവാളോങ്ങുന്ന നീ തപസ്വികളുടെ ആചാര്യനായ പുലസ്ത്യ കുലത്തിൽ പിറന്നതു മറന്നോ? ശിവശിവ! നീ ഇച്ചെയ്യുന്ന പ്രവൃത്തി നീ പിറന്ന രാക്ഷസ കുലത്തിനു ചേർന്നതുതന്നെ.

കുറിപ്പ്

അടുത്തവരോടും വേറായ് — ബന്ധുക്കളോടും വേർപ്പെട്ട്
തുയരം — ദുഃഖം
എരിമിചൈ — അഗ്നിക്കുമീതെ

പാട്ട് 7

ചെയലിടവമ്പുള്ളോർകളിൽ
　　മുമ്പനാകിലും നിന്നുടൈയ-
ച്ചിരലുമുടമ്പുമൊക്കൊരു ചക്കി
　　ലെൾപ്പരിചാക്കിവൈപ്പാൻ
തെയരതന്മൈന്തനൊൺകഴലാണ
　　കേവലം മുട്ടിയൊൻറാൽ-
ത്തടിലിടൈയാളാം മൈഥിലിയിൽ
　　ത്തെയാവു നിനക്കില്ലാഴ്കിൽ
കയിൽമൊഴിമാരെയെൻറുമൊരുത്തർ
　　കൊൻരുതില്ലൊൻറു കൊണ്ടും
കൊടുമൈ മികത്തെഴും നരകത്തിലേ
　　കിടന്നീഴ്‌വരല്ലോ
നിയതമതൊൻറിനാലിയലും നലം
　　പല പേചവേണ്ട
നിചിചരർ തൻ കുടിക്കറൈയേ
　　യിരുട്ടു നിന്നുള്ളിലേതേ.

വലിയ വീരശൂരപരാക്രമിയാണെങ്കിലും, സീതയോടു നിനക്കു ദയവില്ലെങ്കിൽ, വെറും കൈകൊണ്ടു തന്നെ നിന്റെ തലയും ഉടലും ഞാൻ ചക്കിലകപ്പെട്ട എള്ളു മാതിരിയാക്കുന്നുണ്ട്. രാമപാദമാണേ സത്യം. സ്ത്രീകളെ ആരും ഒരിക്കലും കൊല്ലുകയില്ല. അതു ചെയ്യുന്നവർ നരകത്തിൽ കിടന്നു വലയും. അതുകൊണ്ട് കേമം പറയേണ്ട. രാക്ഷസവംശകളങ്കമേ, ഇരുട്ടു മാത്രമാണു നിന്റെയുള്ളിലുള്ളത്.

കുറിപ്പ്

ചക്കിലെൾപ്പരിച് — ചക്കിലകപ്പെട്ട എള്ളു മാതിരി
തടിലിടൈയാൾ — മിന്നൽ പോലെ കൃശമധ്യത്തോടു കൂടിയവൾ
തെയാവ് — ദയ

പാട്ട് 8

ഇരുൾപെരുതേ നിന്നുള്ളിലെ
　　ന്മേടം മാരുതി ചൊൻറനേര-
ത്തിരുൾക്കുഴലാളുടെ കളിർ
　　കുന്തൽ ചുറ്റിയെടുത്തു തൂക്കി-
പ്പെരിയ ചിനത്തിനൊടു
　　കരത്തിനാൽ മറ്റുകൈയിൽ വാളും
പിഴൈയറയേന്തിയിന്തിര
　　ചിത്തുരൈപ്പതിനായ് മുതിർന്താൻ
കരുതലരൊടു വല്ലതുചെയ്തു
　　മില്ലൊരു കുറ്റമുള്ളിൽ
ക്കതിനെന്നുമാറുരചെയ്തു
　　കൊള്ളാഴ്കിലെൻറതുപോകനീയും
നരപതിമാരും വമ്പടൈയും
　　കവീന്തിരരും കറത്തി-
ന്നകരിയിൽ വന്തതാനയുടേ
　　കളിക്കെതിരായിതല്ലോ.

നിന്റെയുള്ളിൽ ഇരുട്ടു മാത്രമേയുള്ളു എന്നു മാരുതി പറഞ്ഞപ്പോൾ കോപം മുഴുത്ത് ഒരു കൈകൊണ്ട് സീതയുടെ തലമുടി ചുറ്റി തൂക്കിയെടുത്ത് മറുകൈയിൽ വാളുമേന്തി ഇന്ദ്രജിത്ത് പറയാൻ തുനിഞ്ഞു. “ശത്രുക്കളെ നശിപ്പിക്കാൻ എന്തു ചെയ്താലും എനിക്കു മനസ്സിൽ ഒരു കുറ്റബോധവും ഇല്ല. അതു പോകട്ടെ, നീയും നരപതിമാരും വമ്പടയും കപീന്ദ്രരും ഈ നഗരത്തിൽ പ്രവേശിച്ചത് നേരാംവണ്ണമല്ലല്ലോ.”

കുറിപ്പ്

ഇരുൾകുഴലാൾ — ഇരുണ്ട തലമുടിയോടുകൂടിയവൾ
കതിനെന്നുമാറ് — പെട്ടെന്ന്

പാട്ട് 9

കളിർപൊഴിയിൽചൂഴിലങ്കൈ
　　നകർക്കരൺ കെടുമാറുനൻറായ്-
ക്കൊടിയ നിചാചരർക്കനവാനം
　　നാചം വരുത്തിയന്റ-
ൻറളവില്ലയാത വൈരമെന
　　ക്കിയൻറതു മൂലമായ് യാ-
നറുതിവരുത്തുമാറു ചമൈന്തു
　　തിക്കയൽ നേർകണ്ണാളെ-
ത്തളൈപ്പിരിയിൻറപോർ മതവാ
　　രണങ്ക ളെൻറന്തരം പോർ-
ത്തലമുലൈയത്തടൈന്തികൽ
　　ചെയ്യും മന്നര നിൻറയും കു-
ടൊളികിളർ ചുക്കിരീവനേയും
　　പിന്നങ്കതനാതിയായ് മ-
റ്റുള്ള കവിവീരർതമ്മെയുമി
　　ൻറടക്കം മുടിപ്പനെൻറാൻ.

ഭംഗിയേറിയ ഉദ്യാനങ്ങളാൽ ചുറ്റപ്പെട്ട ലങ്കാനഗരത്തിന്റെ പ്രതിരോധം ഇല്ലാതാകുംവിധം ധീര രാക്ഷസന്മാർക്ക് തുടർച്ചയായി ഓരോ ദിവസവും നാശം വരുത്തിയതിനാൽ, അളവറ്റ വൈരമെനിക്കുണ്ടായിരിക്കുന്നു. അതിനാൽ ഞാൻ ഈ സുന്ദരിയെ വധിക്കാൻ പോകുന്നു. കെട്ടുപൊട്ടിയ മദയാനകളെപ്പോലെ യുദ്ധം ചെയ്യുന്ന രാജാക്കന്മാരെയും നിന്നെയും പേരുകേട്ട സുഗ്രീവനെയും പിന്നെ അംഗദാദികളായ കപിവീരരെയുമെല്ലാം ഞാൻ ഇന്നു മുടിക്കുന്നുണ്ടെന്ന് ഇന്ദ്രജിത്ത് പറഞ്ഞു.

കുറിപ്പ്

പൊഴിൽ — ഉദ്യാനം
അരൺ — പ്രതിരോധം
അനവാനം — നിരന്തരം
കയൽ — കൊണ്ടമീൻ
തളൈ — ബന്ധനം

പാട്ട് 10

എൻറുരചെയ്തുപൊയ്തൊളിവാളി
　　ടത്തു പുറത്തുതോൺമേ-
ലിണ്ടലെഴന്തരം മരങ്കൾക്കു
　　പോലും നടന്തിതുടെ
ചെൻറുടഞ്ഞാൺ വലത്തറു
　　മാറുടംപുവകൈന്തുനീള-
ഞ്ചെണ്ടെഴും മന്നർകോൻ
　　തിരുനാമവായകമേയനേകം
ഒൻറിനോടൊൻറു കേട്ടു വിളിത്തു
　　വീഴ്ന്തവൾ മെയ്യിരണ്ടാ-
യുള്ളതരിവീരർ മാരുതിയോടു
　　കൂടതു കണ്ടു കല്ലും കൻറു-
മെടുത്തടുത്തവർ നിൻറുപോയിനർ കേവലം മാൽ-
കൊണ്ടഴൽപൂണ്ടു മൈഥിലിയേയീ വീഴ്ന്തവൾ
　മന്റിലെൻറേ.

ഇങ്ങനെ പറഞ്ഞ് ഇന്ദ്രജിത്ത് തിളങ്ങുന്ന വാൾ ഇടതുതോളിൽക്കൂടി കയറ്റി വലതുഭാഗത്തു കൂടെ ഇറക്കി സീതയുടെ ശരീരം രണ്ടായി പിളർന്നു. ഏറെനേരം ശ്രീരാമനാമം ഉരുവിട്ടു വീണ അവളുടെ ദേഹം രണ്ടായതു കണ്ട് കല്ലും കുന്നും എടുക്കാൻ തുനിഞ്ഞ ഹനുമാനും വാനരവീരന്മാരും ദുഃഖാധിക്യത്താൽ ‘മരിച്ചതു മൈഥിലി തന്നെ’യെന്നു കരുതി സ്തംഭിച്ചു പോയി.

കുറിപ്പ്

തോണ്മേൽ — തോൾ + മേൽ
ഊട് — ഉള്ള്
വായകം — വാചകം

പാട്ട് 11

മൻറിടനിന്റ വാനരവീരനുള്ളി
　　ലെങ്കും നിറൈന്തേ
വന്തിതുചോകംമൈതിലിയേയീ
　　വീഴ്ന്തവളെന്റു തോൻറി-
ക്കൊൻറൈയെണിന്ത ചെഞ്ച
　　ടൈയണ്ണൽ നേരിളകീതു കോപം
കൊൻറുമുടിത്തൊടുക്കരു
　　താഴ്ന്തരക്കരെയൊക്കന്നേരം
കുൻറിനുടേ കൊടുഞ്ചികരം
　　തരിത്തുകൊണ്ടെറിന്താൻ
കൊൻറുമുടിപ്പതിൻറിയരക്കർ
　　കോനയെൻറുൾക്കുറിക്കൊ-
ണ്ടൻറിവനെന്നവെൻറിതു
　　മുന്നമെൻറുനിനൈന്തെഴപ്പായ്-
ന്തിന്തിരചിത്തു തേരയുമമ്മ
　　ലൈക്കു കൊടുത്തകൻറാൻ.

സീത തന്നെയാണ് ഈ വീണതെന്നു വിചാരിച്ച് മാരുതി അതീവ ദുഃഖിതനായി. രാക്ഷസന്മാരെയെല്ലാം കൊന്നൊടുക്കാൻ സാധിക്കാത്തതുകൊണ്ട് ഹനുമാനു ശിവനു തുല്യം കോപമിളകി. അരക്കർകോനെ കൊന്നുമുടിക്കുന്നുണ്ടെന്നു വിചാരിച്ച് കുന്നിന്റെ വലിയ ശിഖരം എടുത്തെറിഞ്ഞു. ഹനുമാനോട് മുമ്പ് പരാജയപ്പെട്ടതാലോചിച്ച് ഇന്ദ്രജിത്ത് തേരിനെ മലയാൽ തടുത്ത് അവിടെ നിന്നകന്നു.

കുറിപ്പ്

കൊൻറേ — കൊന്ന
ചെഞ്ചിടൈയണ്ണൽ — ശിവൻ
ഉൾക്കുറികൊണ്ട് — വിചാരിച്ച്

ഡോ. ധന്യമോൾ വി

എറണാകുളം മഹാരാജാസ് കോളേജിലെ മലയാള വിഭാഗം അദ്ധ്യാപികയാണ്.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുകയോ, ഈ വെബ് പേജിൽ കമ്മന്റുകളായി ചേർക്കുകയോ ചെയ്യുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014